**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 222** **23-08-2022 - ൽ മറുപടിയ്ക്ക്**

**ഡെങ്കിപ്പനി പ്രതിരോധ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഡെങ്കിപ്പനി പടർന്നുപിടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംയോജിത രോഗനിരീക്ഷണ പരിപാടി (IDSP) യിലൂടെ ഡെങ്കിപ്പനി ഉൾപ്പെടെയുള്ള പകർച്ചവ്യാധികൾ സംബന്ധിച്ച വിവരങ്ങൾ ദിനംപ്രതിയും ആഴ്ചതോറും ശേഖരിച്ച് ക്രോഡീകരിച്ച്, അപഗ്രഥിച്ച്, ആവശ്യമായ നടപടികൾ യഥാസമയം സ്വീകരിച്ച് വരുന്നുണ്ട്. രോഗം പൊട്ടിപ്പുറപ്പെടുന്ന സ്ഥലങ്ങളിൽ ദ്രുതകർമ്മസേന (RRT) സന്ദർശിച്ച് ഊർജ്ജിത നിയന്ത്രണ നടപടികൾ സ്വീകരിച്ചു വരുന്നു. ദേശീയ പ്രാണിജന്യ രോഗനിയന്ത്രണ പരിപാടിയുടെ ഭാഗമായും ഡെങ്കിപ്പനി നിരീക്ഷണവും കൊതുകുനിയന്ത്രണവും നടത്തി വരുന്നുണ്ട്. ഇത് കൂടാതെ സംസ്ഥാന സർക്കാർ 2018 മുതൽ നടപ്പിലാക്കി വരുന്ന 'ആരോഗ്യ ജാഗ്രത' എന്ന പേരിലറിയപ്പെടുന്ന പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പരിപാടിയനുസരിച്ച് ഉള്ള വാർഷിക കർമ്മപരിപാടി തയ്യാറാക്കി ഇതര വകുപ്പുകളുടെയും ഏജൻസികളുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ സമയബന്ധിതമായി നടപ്പിലാക്കി വരുന്നുണ്ട്. എല്ലാ വെള്ളിയാഴ്ചയും സ്കൂളുകളിലും ശനിയാഴ്ച സ്ഥാപനങ്ങൾ, ഞായറാഴ്ച വീടുകൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണത്തിനായി ഡ്രൈഡേ ആചരിക്കുന്നു.<br><br>സംസ്ഥാനത്ത് സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബ് / ജില്ലാ പബ്ലിക് ഹെൽത്ത് ലാബ്, മെഡിക്കൽ കോളേജിലെ മൈക്രോബയോളജി ലാബ് ഉൾപ്പെടെ 38 സെന്റിനൽ സർവ്വേയലൻസ് ലാബുകളിൽ ഡെങ്കിപ്പനി രോഗസ്ഥിരീകരണം സൗജന്യമായിത്തന്നെ നടത്തി വരുന്നുണ്ട്. കൂടാതെ സംസ്ഥാന പബ്ലിക് ഹെൽത്ത് ലാബിൽ ഡെങ്കി |

| | | | |
|---|---|---|---|
| | | | വൈറസുകളുടെ സീറോ ടൈപ്പിംഗും നടത്തി വരുന്നുണ്ട്. ഒപ്പം തന്നെ മെയ് 16 ന് ദേശീയ ഡെങ്കിപ്പനി ദിനത്തോടനുബന്ധിച്ചും ജൂലായ് മാസം ഡെങ്കു വിരുദ്ധ മാസാചരണത്തോടനുബന്ധിച്ചും എല്ലാ ജില്ലകളിലും പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തി വരുന്നുണ്ട്.<br><br>ആഴ്ച തോറും നടത്തുന്ന കൊതുക സർവ്വേയിൽ (ഈഡിസ് വെക്ടർ സർവ്വേ) കണ്ടെത്തുന്ന ഹൈറിസ്ക് പ്രദേശങ്ങളിലും ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്യപ്പെടുന്ന സ്ഥലങ്ങളിലും സംയോജിത കൊതുക നിയന്ത്രണം (IVM) നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി ആരോഗ്യ പ്രവർത്തകർ, വാർഡ് തലത്തിലെ വാർഡ് തല ആരോഗ്യ ശുചിത്വ പോഷണ സമിതി അംഗങ്ങൾ വീടുകളും സ്ഥാപനങ്ങളും സന്ദർശിക്കുകയും കൊതുകുറവിട നശീകരണം നടപ്പിലാക്കുകയും ചെയ്യുന്നു. കൂടാതെ രോഗം പൊട്ടിപ്പുറപ്പെടുന്ന അവസരത്തിൽ രോഗവാഹികളായ കൊതുകുകളെ നശിപ്പിക്കുന്നതിനായി മുറിക്കുള്ളിൽ കീടനാശിനി ബാഷ്പം തളിക്കൽ (ISS), വീടിന് വെളിയിൽ തെർമൽ ഫോമിംഗ്, തുടങ്ങിയവയും നടത്തുന്നു. കൊതുക കടിയിൽ നിന്നും രക്ഷ നേടുന്നതിനായി കൊതുകിനെ അകറ്റുന്ന ലേപനങ്ങൾ, കൊതുകുതിരി, കൊതുകുവല മുതലായ വ്യക്തിഗതസുരക്ഷാ മാർഗ്ഗങ്ങൾ അവലംബിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങളും നൽകി വരുന്നു. ഇതോടൊപ്പം രോഗബാധിതർക്ക് ചികിത്സാ മാർഗ്ഗ രേഖകൾക്കനുസൃതമായ ശരിയായ ചികിത്സയും പരിചരണവും എല്ലാ പ്രധാന ആശുപത്രികളിലും നൽകി വരുന്നു. പൊതുജനങ്ങൾക്ക് കൊതുകിന്റെ ഉറവിട നശീകരണം നടത്തുന്നതിനും, വ്യക്തിഗത സുരക്ഷാമാർഗ്ഗങ്ങൾ അവലംബിക്കുന്നതിനുമായി ബോധവത്കരണ പ്രവർത്തനങ്ങൾ, വിവിധ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വഴി നൽകി വരുന്നുണ്ട്. ആരോഗ്യ പ്രവർത്തകർക്കാവശ്യമായ പരിശീലനങ്ങളും ആരോഗ്യ വകുപ്പ് നൽകി വരുന്നുണ്ട്. ഏറ്റവും പ്രധാനം പൊതുജന പങ്കാളിത്തത്തോടെയുള്ള കൊതുക നിയന്ത്രണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നതാണ്. |
| (ബി) | എങ്കിൽ ഡെങ്കിപ്പനി പടരാതിരിക്കാൻ എന്തെല്ലാം പ്രതിരോധ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്നറിയിക്കുമോ; | (ബി) | കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംയോജിത രോഗനിരീക്ഷണ പരിപാടി (IDSP) യിലൂടെ ഡെങ്കിപ്പനി ഉൾപ്പെടെയുള്ള പകർച്ചവ്യാധികൾ സംബന്ധിച്ച വിവരങ്ങൾ ദിനംപ്രതിയും ആഴ്ചതോറും |

ശേഖരിച്ച് ക്രോഡീകരിച്ച്, അപഗ്രഥിച്ച്, ആവശ്യമായ നടപടികൾ യഥാസമയം സ്വീകരിച്ച് വരുന്നുണ്ട്. രോഗം പൊട്ടിപ്പുറപ്പെടുന്ന സ്ഥലങ്ങളിൽ ദ്രുതകർമ്മസേന (RRT) സന്ദർശിച്ച് ഊർജ്ജിത നിയന്ത്രണ നടപടികൾ സ്വീകരിച്ചു വരുന്നു. ദേശീയ പ്രാണിജന്യ രോഗനിയന്ത്രണ പരിപാടിയുടെ ഭാഗമായും ഡെങ്കിപ്പനി നിരീക്ഷണവും കൊതുകുനിയന്ത്രണവും നടത്തി വരുന്നുണ്ട്. ഇത് കൂടാതെ സംസ്ഥാന സർക്കാർ 2018 മുതൽ നടപ്പിലാക്കി വരുന്ന 'ആരോഗ്യ ജാഗ്രത' എന്ന പേരിലറിയപ്പെടുന്ന പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പരിപാടിയനുസരിച്ച് ഉള്ള വാർഷിക കർമ്മപരിപാടി തയ്യാറാക്കി ഇതര വകുപ്പുകളുടെയും ഏജൻസികളുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ സമയബന്ധിതമായി നടപ്പിലാക്കി വരുന്നുണ്ട്. എല്ലാ വെള്ളിയാഴ്ചയും സ്കൂളുകളിലും ശനിയാഴ്ച സ്ഥാപനങ്ങൾ, ഞായറാഴ്ച വീടുകൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണത്തിനായി ഡ്രൈഡേ ആചരിക്കുന്നു.

സംസ്ഥാനത്ത് സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബ് / ജില്ലാ പബ്ലിക് ഹെൽത്ത് ലാബ്, മെഡിക്കൽ കോളേജിലെ മൈക്രോബയോളജി ലാബ് ഉൾപ്പെടെ 38 സെന്റിനൽ സർവ്വേയലൻസ് ലാബുകളിൽ ഡെങ്കിപ്പനി രോഗസ്ഥിരീകരണം സൗജന്യമായിത്തന്നെ നടത്തി വരുന്നുണ്ട്. കൂടാതെ സംസ്ഥാന പബ്ലിക് ഹെൽത്ത് ലാബിൽ ഡെങ്കി വൈറസുകളുടെ സീറോ ടൈപ്പിംഗും നടത്തി വരുന്നുണ്ട്. ഒപ്പം തന്നെ മെയ് 16 ന് ദേശീയ ഡെങ്കിപ്പനി ദിനത്തോടനുബന്ധിച്ചും ജൂലായ് മാസം ഡെങ്കു വിരുദ്ധ മാസാചരണത്തോടനുബന്ധിച്ചും എല്ലാ ജില്ലകളിലും പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തി വരുന്നുണ്ട്.

ആഴ്ച തോറും നടത്തുന്ന കൊതുക സർവ്വേയിൽ (ഈഡിസ് വെക്ടർ സർവ്വേ) കണ്ടെത്തുന്ന ഹൈറിസ്ക് പ്രദേശങ്ങളിലും ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്യപ്പെടുന്ന സ്ഥലങ്ങളിലും സംയോജിത കൊതുക നിയന്ത്രണം (IVM) നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി ആരോഗ്യ പ്രവർത്തകർ, വാർഡ് തലത്തിലെ വാർഡ് തല ആരോഗ്യ ശുചിത്വ പോഷണ സമിതി അംഗങ്ങൾ വീടുകളും സ്ഥാപനങ്ങളും സന്ദർശിക്കുകയും കൊതുകുറവിട നശീകരണം നടപ്പിലാക്കുകയും ചെയ്യുന്നു. കൂടാതെ രോഗം പൊട്ടിപ്പുറപ്പെടുന്ന അവസരത്തിൽ

| | | | |
|---|---|---|---|
| | | | രോഗവാഹികളായ കൊതുകുകളെ നശിപ്പിക്കുന്നതിനായി മുറിക്കുള്ളിൽ കീടനാശിനി ബാഷ്പം തളിക്കൽ (ISS), വീടിന് വെളിയിൽ തെർമൽ ഫോമിംഗ്, തുടങ്ങിയവയും നടത്തുന്നു. കൊതുക് കടിയിൽ നിന്നും രക്ഷ നേടുന്നതിനായി കൊതുകിനെ അകറ്റുന്ന ലേപനങ്ങൾ, കൊതുകുതിരി, കൊതുകുവല മുതലായ വ്യക്തിഗതസുരക്ഷാ മാർഗ്ഗങ്ങൾ അവലംബിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങളും നൽകി വരുന്നു. ഇതോടൊപ്പം രോഗബാധിതർക്ക് ചികിത്സാ മാർഗ്ഗ രേഖകൾക്കനുസൃതമായ ശരിയായ ചികിത്സയും പരിചരണവും എല്ലാ പ്രധാന ആശുപത്രികളിലും നൽകി വരുന്നു. പൊതുജനങ്ങൾക്ക് കൊതുകിന്റെ ഉറവിട നശീകരണം നടത്തുന്നതിനും, വ്യക്തിഗത സുരക്ഷാമാർഗ്ഗങ്ങൾ അവലംബിക്കുന്നതിനുമായി ബോധവത്കരണ പ്രവർത്തനങ്ങൾ, വിവിധ ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴി നൽകി വരുന്നുണ്ട്. ആരോഗ്യ പ്രവർത്തകർക്കാവശ്യമായ പരിശീലനങ്ങളും ആരോഗ്യ വകുപ്പ് നൽകി വരുന്നുണ്ട്. ഏറ്റവും പ്രധാനം പൊതുജന പങ്കാളിത്തത്തോടെയുള്ള കൊതുക് നിയന്ത്രണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നതാണ്. |
| (സി) | ഇത്തരം പ്രതിരോധ നടപടികൾ നടപ്പിൽ വരുത്തുന്നുണ്ടോ എന്ന് ഉറപ്പുവരുത്താൻ സർക്കാർ സംവിധാനങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ? | (സി) | പ്രാണിജന്യ രോഗ നിയന്ത്രണങ്ങൾ ഫീൽഡ് തലത്തിൽ അതാത് പ്രദേശത്തെ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ജീവനക്കാരും വാർഡിലെ വാർഡ്തല ആരോഗ്യ പോഷണ സമിതി അംഗങ്ങളും ചേർന്നാണ് നടപ്പിലാക്കുന്നത്. സംയോജിത കൊതുക് നിയന്ത്രണ (IVM) പരിപാടിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരണമായി കൂത്താടി നശീകരണ പ്രവർത്തനങ്ങളും കൊതുക് നശീകരണ പ്രവർത്തനങ്ങളും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെയും നേതൃത്വത്തിൽ നടന്നുവരുന്നു. ഫീൽഡ്തല നിരീക്ഷണ പ്രവർത്തനങ്ങൾ അതാത് പ്രദേശത്തെ പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ, ഹെൽത്ത് ഇൻസ്പെക്ടർ എന്നിവർ ആഴ്ചതോറുമുള്ള IDSP അവലോകന യോഗത്തിൽ വിലയിരുത്തുന്നതാണ്.<br><br>ജില്ലാതലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ സർവേയലൻസ് ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ ആഴ്ചതോറുമുള്ള IDSP അവലോകന യോഗത്തിൽ വിലയിരുത്തുന്നതാണ്. ജില്ലാവെക്ടർ ബോൺ കൺട്രോൾ ഓഫീസർ, ടെക്നിക്കൽ അസിസ്റ്റന്റ് തുടങ്ങിയ ജില്ലാ പ്രോഗ്രാം ഓഫീസർമാർ, ബ്ലോക്ക് തലത്തിലേയും, ഫീൽഡ് |

| | | | |
|---|---|---|---|
| | | | തലത്തിലേയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഇത് IDSP അവലോകന യോഗത്തിൽ അവതരിപ്പിക്കുകയും ചെയ്യുന്നു.<br><br>സംസ്ഥാനതലത്തിൽ നിയന്ത്രണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി NVBDCP സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ, ഡെപ്യൂട്ടി ഡയറക്ടർ NVBDCP, അസിസ്റ്റന്റ് ഡയറക്ടർ (എന്റമോളജി), അസിസ്റ്റന്റ് ഡയറക്ടർ (ഫൈലേറിയ) എന്നിവർ അടങ്ങിയ ഒരു ടീം ഉണ്ട്. ജില്ലകളിലെ പ്രാണിജന്യ രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും സംസ്ഥാന എന്റമോളജി യൂണിറ്റ് എല്ലാ മാസവും ജില്ലകൾ സന്ദർശിക്കുകയും റിപ്പോർട്ട് സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർക്ക് നൽകുകയും അതനുസരിച്ച് വേണ്ട നിർദ്ദേശങ്ങൾ ജില്ലകൾക്ക് നൽകുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ